# പതിനാലാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 303**

**(29.06.2016 ലെ മറുപടിക്ക്)**

**<u>പഴയങ്ങാടി ട്രഷറി കെട്ടിടനിർമ്മാണം</u>**

**ചോദ്യം** **ഉത്തരം**

**ശ്രീ.റ്റി.വി.രാജേഷ്**

**ഡോ. തോമസ് ഐസക്**
**(ബഹു. ധനകാര്യവും കയറും വകുപ്പ മന്ത്രി)**

| | | |
|---|---|---|
| (എ) | 27-1-2011-ൽ ഭരണാനുമതി ലഭിച്ചതും 'ഇൻകെൽ' ഉപേക്ഷിച്ചതുമായ കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി ട്രഷറി കെട്ടിട നിർമ്മാണം ഇപ്പോൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ടോ; | ഏൽപ്പിച്ചിട്ടില്ല. |
| (ബി) | ഭരണാനുമതി ലഭിച്ച് 5വർഷം കഴിഞ്ഞിട്ടും കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ കാലതാമസം നേരിട്ടതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | പഴയങ്ങാടി ട്രഷറി കെട്ടിടനിർമ്മാണം 27.01.2011-ൽ ഭരണാനുമതി നൽകിയതും എന്നാൽ ഇൻകെൽ ഉപേക്ഷിച്ചതുമായ പദ്ധതികളിൽ ഉൾപ്പെട്ടതാണ്. ഇൻകെൽ ഉപേക്ഷിച്ചതും പുതുതായി തുടങ്ങേണ്ടതുമായ പദ്ധതികൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിനും ട്രഷറി കെട്ടിടനിർമ്മാണം സംബന്ധിച്ച് വസ്തുനിഷ്ഠമായി പഠിച്ച് ഈ സാമ്പത്തിക വർഷത്തിൽ ട്രഷറി കെട്ടിടനിർമ്മാണത്തിനായി ബജറ്റിൽ വകയിരുത്തപ്പെട്ട തുകയ്ക്ക് അനുസരിച്ച് കൃത്യവും വ്യക്തവുമായ ശുപാർശ ലഭ്യമാക്കാൻ ട്രഷറി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്. |

| | | |
|---|---|---|
| (സി) | പ്രസ്തുത ട്രഷറി കെട്ടിട നിർമ്മാണം എത്രയും വേഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | ട്രഷറി ഡയറക്ടറുടെ ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ